**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3552** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റം അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് അദാലത്ത് നടത്തുമ്പോൾ ഫീസിളവുള്ള അപേക്ഷകൾക്കാണോ മുൻഗണന നൽകുന്നത്; എങ്കിൽ പ്രസ്തുത മാതൃകയിൽ ഫീസ് അടവാക്കേണ്ട കേസുകൾക്ക് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ചാൽ സർക്കാരിന് വരുമാനം ലഭിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് കർമ്മപദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; ഭാവിയിൽ അദാലത്തുകൾ തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇപ്പോൾ നടത്തിവരുന്ന അദാലത്തിൽ ഫീസിളവുള്ള അപേക്ഷകൾക്കാണ് നിലവിൽ മുൻഗണന നൽകിയിട്ടുള്ളത്.<br><br>ഫീസടവാക്കേണ്ട കേസുകൾക്ക് മാത്രമായി പ്രത്യേക കർമ്മപദ്ധതി നിലവിൽ ആവിഷ്കരിച്ചിട്ടില്ല. നിലവിൽ നടത്തിവരുന്ന അദാലത്തിന്റെ ഫലപ്രാപ്തി/ ബന്ധപ്പെട്ട മറ്റ് വസ്തുതകൾ വിലയിരുത്തി, ആവശ്യമെങ്കിൽ അദാലത്തുകൾ തുടർന്നും സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | 2023-24 വർഷത്തിൽ സംസ്ഥാനത്താകെ എത്ര പട്ടയം വിതരണം ചെയ്യാൻ സാധിച്ചു; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) | 2023-24 വർഷത്തിൽ ഇതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം 61904 ആണ്. 30000 പട്ടയങ്ങൾ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. 61904 - ന്റെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 1** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ക്രമ നമ്പർ | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1795 |
| 2 | കൊല്ലം | 466 |
| 3 | പത്തനംതിട്ട | 264 |
| 4 | ആലപ്പുഴ | 428 |
| 5 | കോട്ടയം | 658 |
| 6 | ഇടുക്കി | 2778 |
| 7 | എറണാകുളം | 137 |
| 8 | തൃശ്ശൂർ | 12022 |
| 9 | പാലക്കാട് | 19096 |
| 10 | മലപ്പുറം | 11614 |
| 11 | കോഴിക്കോട് | 8216 |
| 12 | വയനാട് | 803 |
| 13 | കണ്ണൂർ | 3482 |
| 14 | കാസർഗോഡ് | 145 |
|  | ആകെ | 61904 |